## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1195** 08.02.2013 ൽ മറുപടിയ്ക്ക്.

## കോഴിക്കോട് സർവ്വകലാശാല സിൻഡിക്കേറ്റ് ചട്ട വിരുദ്ധ തീരുമാനങ്ങളെടുത്തതായുള്ള പരാതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. എസ്. ശർമ്മ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>*(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി)* |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ചട്ടവിരുദ്ധമായി തീരുമാനങ്ങളെടുക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് ഏതെല്ലാം സർവ്വകലാശാലകൾക്കെതിരെ പരാതി ലഭിച്ചിട്ടുണ്ട്; ഇതിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | കേരള സർവ്വകലാശാലയിൽ അസിസ്റ്റന്റ് നിയമനത്തിൽ ക്രമക്കേട്, 2009 ലെ ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി യു.ജി.സി യോഗ്യത ഇല്ലാത്ത ലൈബ്രേറിയൻമാർക്ക് പ്രമോഷൻ നൽകുന്നു, അദ്ധ്യാപക നിയമനത്തിനും പ്രമോഷനുമുള്ള യു.ജി.സി. ചട്ടങ്ങളിൽ ഇളവ് വരുത്തുക, സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി എം.ജി സർവ്വകലാശാലകളിൽ എൻപതോളം ഓഫ് കാമ്പസുകൾ അനുവദിക്കുക, കോഴിക്കോട് സർവ്വകലാശാലയിൽ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് , അക്കൗണ്ടന്റ് ജനറൽ എന്നിവർ ഉന്നയിക്കുന്ന ആഡിറ്റ് തടസ്സങ്ങൾ മറികടക്കുക തുടങ്ങിയ കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്.<br><br>അദ്ധ്യയന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി യു.ജി.സി. വിഭാവന ചെയ്ത് നടപ്പിലാക്കുന്ന പദ്ധതികളിൽ ഇളവു വരുത്താൻ സർവ്വകലാശാലകളിൽ അധികാരമില്ലെന്നും, ഇത്തരം നടപടി സർക്കാർ അംഗീകരിക്കില്ലെന്നും, ആഡിറ്റ് തടസ്സങ്ങൾ മറികടക്കുന്ന പ്രവണത അവസാനിപ്പിക്കണമെന്നും വ്യക്തമാക്കി സർവ്വകലാശാലകൾക്ക് കത്ത് അയച്ചിട്ടുണ്ട്. |
| (ബി) | കോഴിക്കോട് സർവ്വകലാശാലയിൽ സിൻഡിക്കേറ്റും വൈസ്ചാൻസിലറും സർവ്വകലാശാല ചട്ടങ്ങൾക്ക് വിരുദ്ധമായി തീരുമാനങ്ങൾ കൈകൊള്ളുന്നതും നടപ്പിലാക്കുന്നതും | (ബി) | ലഭിച്ചിട്ടുണ്ട്. പരിശോധിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | സംബന്ധിച്ചും പരാതികൾ ലഭിക്കുകയുണ്ടായോ; എങ്കിൽ പരാതി പരിശോധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | | |
| (സി) | കോഴിക്കോട് സർവ്വകലാശാലയിൽ സർവ്വകലാശാല ഭൂമി സ്വകാര്യസ്ഥാപനങ്ങൾക്ക് പതിച്ചുനൽകൽ, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അനുമതി നൽകൽ തുടങ്ങി ഏതെല്ലാം കേസുകളിലാണ് വൈസ്ചാൻസലർക്കും സിൻഡിക്കേറ്റ് അംഗങ്ങൾക്കുമെതിരെ വിജിലൻസ് അന്വേഷണം എന്ന് വ്യക്തമാക്കുമോ; | (സി) | സി.എച്ച്. മുഹമ്മദ് കോയ ഇൻസ്റ്റിറ്റ്യൂട്ട്, കോഴിക്കോട് ഒളിമ്പിക്സ് അസോസിയേഷൻ,ബാഡ്മിന്റൻ അസോസിയേഷൻ, എന്നിവയ്ക്ക് ചട്ടം ലംഘിച്ച് ഭൂമി അനുവദിച്ചുവെന്ന ആരോപണത്തിൻമേൽ ബഹുമാനപ്പെട്ട കേരള ലോകായുക്ത മുൻപാകെ ഒരു പരാതിയും തൃശ്ശൂർ വിജിലൻസ് കോടതി മുൻപാകെ നാല് പരാതിയും സമർപ്പിച്ചിട്ടുണ്ട്. വിജിലൻസ് കോടതി മുൻപാകെ സമർപ്പിച്ച പരാതികളിൻ മേൽ സത്വര അന്വേഷണത്തിന് (ക്വിക്ക് വെരിഫിക്കേഷൻ) കോടതി ഉത്തരവ് നൽകിയിട്ടുണ്ട്. വിജിലൻസ് കേസുകളൊന്നും റജിസ്റ്റർ ചെയ്യുകയോ വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് ഇടുകയോ ചെയ്തിട്ടില്ല<br><br>താഴെ പറയുന്നവർക്കെതിരെയുള്ള പരാതിയിൻമേലാണ് സത്വരാന്വേഷണത്തിന് ഉത്തരവ് ഇട്ടിട്ടുള്ളത്<br><br>ഡോ. എം.അബ്ദുൾ സലാം. (വൈസ് ചാൻസിലർ, കോഴിക്കോട് സർവ്വകലാശാല),<br><br>ഡോ. പി.പി. മുഹമ്മദ്, മുൻ റജിസ്ട്രാർ കാലിക്കറ്റ് യൂണിവേഴ്സിറ്റി.<br><br>ഡോ. എം .വി. ജോസഫ്, റജിസ്ട്രാർ കാലിക്കറ്റ് യൂണിവേഴ്സിറ്റി.<br><br>ഡയറക്ടർ, സി.എച്ച് മുഹമ്മദ് കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡെവലപ്പിങ് സൊസൈറ്റീസ്<br><br>ഡോ. എം.കെ. മുനീർ, ബഹു. പഞ്ചായത്ത് വകുപ്പ് മന്ത്രി. (മെമ്പർ , സി.എച്ച് മുഹമ്മദ് കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡെവലപ്പിങ് സൊസൈറ്റീസ്)<br><br>ശ്രീ .കെ.എം ഷാജി, (മെമ്പർ, ഗവേണിംഗ് ബോഡി, സി.എച്ച് മുഹമ്മദ് കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡെവലപ്പിങ് സൊസൈറ്റീസ്)<br><br>ശ്രീ പി. അബ്ദുൾ റഷീദ്, (മെമ്പർ, ഗവേണിംഗ് ബോഡി, സി.എച്ച് മുഹമ്മദ് കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡെവലപ്പിങ് സൊസൈറ്റീസ്) |

| | | | |
|---|---|---|---|
| | | | ശ്രീ സയ്യിദ് അബ്ബുൾ അഷറഫ്, (മെമ്പർ, ഗവേണിംഗ് ബോഡി, സി.എച്ച് മുഹമ്മദ് കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡെവലപ്പിങ് സൊസൈറ്റീസ്) |
| | | | ശ്രീ. മുജീബ് റഹ്മാൻ.റ്റി., (മെമ്പർ, ഗവേണിംഗ് ബോഡി, സി.എച്ച് മുഹമ്മദ് കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡെവലപ്പിങ് സൊസൈറ്റീസ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി) |
| | | | ശ്രീ. കെ.പി. രാജേഷ്, (മെമ്പർ, ഗവേണിംഗ് ബോഡി, സി.എച്ച് മുഹമ്മദ് കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡെവലപ്പിങ് സൊസൈറ്റീസ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി ) |
| | | | ശ്രീ. സയ്യിദ് ഹൈദരാലി ശിഹാബ് തങ്ങൾ, പാണക്കാട്, ചെയർമാൻ, ഗ്രെയ്സ് എഡ്യൂക്കേഷണൽ അസോസിയേഷൻ, മലപ്പുറം. |
| | | | ശ്രീ സയ്യിദ് അബ്ബുൾ അഷറഫ്, ചെട്ടിപ്പാടി, ജനറൽ സെക്രട്ടറി, ഗ്രെയ്സ് എഡ്യൂക്കേഷണൽ അസോസിയേഷൻ, മലപ്പുറം. |
| | | | ശ്രീ. പി.കെ. അബ്ദു റബ്ബ്, ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി, ( പ്രോ. ചാൻസിലർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി, & സി.എച്ച് മുഹമ്മദ് കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡെവലപ്പിങ് സൊസൈറ്റീസ് ) |
| | | | സി.എച്ച് മുഹമ്മദ് കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡെവലപ്പിങ് സൊസൈറ്റീസിന് പബ്ലിക് ഫണ്ടിൽ നിന്നും പണം നൽകിയ കേരളത്തിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപ നങ്ങളിലെയും പ്രസിഡന്റ്, ചെയർമാൻ, മേയർ, സെക്രട്ടറി മുതലായവർ |
| | | | ശ്രീ. പി.എ. ഹംസ, പ്രസിഡന്റ്, കോഴിക്കോട് ജില്ല ഒളിമ്പിക് അസോസിയേഷൻ. |
| | | | കോഴിക്കോട് ജില്ല ഒളിമ്പിക് അസോസിയേഷൻ., കോഴിക്കോട് |
| | | | ശ്രീ വി.എം മോഹനൻ, സെക്രട്ടറി, കോഴിക്കോട്, ജില്ല ഒളിമ്പിക് അസോസിയേഷൻ. |
| | | | കേരള ഒളിമ്പിക് അസോസിയേഷന് വേണ്ടി അതിന്റെ പ്രസിഡന്റ് |
| | | | ശ്രീ. എം. എം. അബ്ബുൾ റഹ്മാൻ, പ്രസിഡന്റ് , കേരള ഒളിമ്പിക് അസോസിയേഷൻ. |
| | | | ബാഡ്മിന്റൺ ഡെവലപ്പ്മെന്റ് ട്രസ്റ്റിന് വേണ്ടി അതിന്റെ ചെയർമാൻ & മാനേജിംഗ് ട്രസ്റ്റി. |
| | | | ഡോ. കുഞ്ഞാലി, ചെയർമാൻ & മാനേജിംഗ് |

| | | | |
|---|---|---|---|
| | | | ട്രസ്റ്റി,ബാഡ്മിന്റൺ ഡെവലപ്പ്മെന്റ് ട്രസ്റ്റ്, കോഴിക്കോട്.<br><br>ശ്രീ എ. വത്സലൻ, സെക്രട്ടറി, ബാഡ്മിന്റൺ ഡെവലപ്പ്മെന്റ് ട്രസ്റ്റ്, കോഴിക്കോട്.<br><br>സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ റ്റി.വി. ഇബ്രാഹിം, ഡോ. റ്റി.പി. അഹമ്മദ്, അഡ്വ ജി.സി. പ്രശാന്ത് കുമാർ, ശ്രീ നവാസ്ജാൻ എ., ശ്രീ ആർ എസ് പണിക്കർ, അഡ്വ നിയാസ് പി.എം., ശ്രീ കെ. ശിവരാമൻ, പ്രൊഫ കെ.എം. വനജാക്ഷി, ശ്രീ അബ്രഹാം പി.മാത്യു, ഡോ. കെ.വിലാസർ, ഡോ. സൈനുൽ ആബിദ് കോട്ട, പ്രൊഫ എം. അബ്ദുൾ റഹ് മാൻ, ശ്രീ കെ.എ.സിറാജ്, ശ്രീ റ്റി.പി. അഷ്റഫ് അലി |
| (ഡി) | കോഴിക്കോട് സർവ്വകലാശാലയിൽ പരീക്ഷ നടത്തിപ്പ് ചുമതല കോളേജുകളെ തന്നെ ഏല്പിക്കാൻ സിൻഡിക്കേറ്റ് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; ഇത് ചട്ട പ്രകാരമാണോ; ഇക്കാര്യത്തിൽ അക്കാഡമിക് കൗൺസിലിന്റെ അഭിപ്രായം എന്താണ് ; | (ഡി) | 1,3,5 എന്നീ സെമസ്റ്റർ പരീക്ഷകൾ കോളേജുകൾക്ക് തന്നെ, സർവ്വകലാശാല തയ്യാറാക്കുന്ന ചോദ്യപേപ്പറുകൾ ഉപയോഗിച്ച് നടത്താവുന്നതാണെന്ന് ഹൃദയകുമാരി കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള സിൻഡിക്കേറ്റ് കമ്മിറ്റിയുടെ റിപ്പോർട്ട് അക്കാഡമിക് കൗൺസിൽ യോഗം അംഗീകരിക്കുകയുണ്ടായി. |
| (ഇ) | നിരന്തരം ആക്ഷേപങ്ങൾക്ക് വിധേയനാവുകയും അന്വേഷണം നേരിടുകയും ചെയ്യുന്ന വൈസ് ചാൻസിലറെ തൽസ്ഥാനത്തുനിന്നും മാറ്റുവാൻ തയ്യാറാകുമോ? | (ഇ) | ഇപ്പോൾ പരിഗണനയിൽ ഇല്ല |

സെക്ഷൻ ഓഫീസർ